പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

11.07.2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ . 6329

## പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിലെ തൊഴിൽ വൈവിധ്യവത്ക്കരണം

ചോദ്യം | മറുപടി

| | ശ്രീ.പി.ബി. അബ്ദുൾ റസാക്<br>,, എൻ. ഷംസുദ്ദീൻ<br>,, കെ.എൻ.എ. ഖാദർ<br>,, ടി.എ. അഹമ്മദ് കബീർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിലെ തൊഴിൽ വൈവിധ്യ വത്ക്കരണത്തിന് എന്തെങ്കിലും പദ്ധതി മത്സ്യഫെഡ് ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ; | (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിലെ തൊഴിൽ വൈവിധ്യവൽക്കരണത്തിന് ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ ഏജൻസികളുടെ സ്വയം തൊഴിൽ വായ്പകളും മൈക്രോ ഫൈനാൻസ് വായ്പകളും വിതരണം ചെയ്തുവരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ സവിശേഷതകൾ വിശദമാക്കാമോ; | (ബി) | ലളിതമായ നടപടി ക്രമങ്ങളും ആകർഷകമായ പലിശനിരക്കമാണ് ഈ പദ്ധതിയുടെ സവിശേഷതകൾ. പരമാവധി 6% പലിശ നിരക്കിൽ 2 മുതൽ 5 വർഷം വരെ കാലാവധിയിലാണ് ഈ വായ്പകൾ വിതരണം ചെയ്തു വരുന്നത്. സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള ടേം വായ്പകൾ ഈടിന്മേൽ വിതരണം ചെയ്യുന്നു. മൈക്രോ ഫൈനാൻസ് വായ്പകൾ സ്വയം സഹായ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്തു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദവിവരം നൽകാമോ; ഇതുവഴി മത്സ്യത്തൊഴിലാളി മേഖലയിൽ ഉണ്ടാക്കാനായ നേട്ടം വിശദമാക്കുമോ ? | (സി) | **2011-12** സാമ്പത്തിക വർഷം **949.14** ലക്ഷം രൂപ ടേം വായ്പയിനത്തിലും **4700.49** ലക്ഷം രൂപ മൈക്രോ ഫൈനാൻസ് വായ്പയിനത്തിലും വിതരണം ചെയ്തുകൊണ്ട് വിവിധ സ്വയം തൊഴിൽ പദ്ധതികൾ, മത്സ്യ വിപണനം, മത്സ്യ സംസ്കരണം, മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി എന്നിവ നടപ്പിലാക്കി. **2012-2013** |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം **1000.00** ലക്ഷം രൂപയുടെ ടേം വായ്പകളും **5000.00** ലക്ഷം രൂപയുടെ മൈക്രോ ഫൈനാൻസ് വായ്പകളും വിതരണം ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളി മേഖലയുടെ വൈവിധ്യവൽക്കരണം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾ നടപ്പിലാക്കുന്നതു വഴി മത്സ്യത്തൊഴിലാളി മേഖലയിൽ അമിത പലിശയിനത്തിലുള്ള വരുമാന ചോർച്ച നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വിവിധ തൊഴിൽ സംരംഭങ്ങളിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വരുമാന വർദ്ധനവ് നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ